(ചങ്ങനാശ്ശേരി മാടപ്പള്ളിയിൽ സിൽവർ ലൈൻ പദ്ധതിക്ക് സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ടുണ്ടായ പോലീസ് അതിക്രമത്തിൽ പ്രതിഷേധിച്ചുനടന്ന പ്രതിപക്ഷ ബഹളത്തെയും ബഹിഷ്കരണത്തേയുംത്തുടർന്ന് നിർത്തിവച്ച സഭ 10.00 മണിക്ക് പുനരാരംഭിച്ചു.)

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....ഇന്ന് സഭയിലുണ്ടായ ചില പ്രത്യേക സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ ഇന്നത്തെ ശ്രദ്ധക്ഷണിക്കലുകളും സബ്മിഷനുകളും ഒഴിവാക്കി സഭ മറ്റ് നടപടികളിലേയ്ക്ക് കടക്കുകയാണ്.

**പ്രത്യേക പരാമർശം**

മി. സ്പീക്കർ: നിയമസഭാ സെക്രട്ടറി ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ മേയ് മാസം 31-ാം തീയതി നിയമസഭാ സെക്രട്ടേറിയറ്റ് സർവ്വീസിൽനിന്നും ജ്യുഡീഷ്യൽ സർവ്വീസിൽനിന്നും വിരമിക്കുകയാണ്. സെലക്ഷൻ ഗ്രേഡ് ജില്ലാ ജഡ്ജി ആയിരുന്ന അദ്ദേഹം, അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാർ ആയിരിക്കവെയാണ് 2019 ജൂലൈ 30-ാം തീയതി നിയമസഭാ സെക്രട്ടറിയായി നിയമിക്കപ്പെട്ടത്. ഒൻപത് വർഷം അഡ്വക്കേറ്റ് ആയി പ്രാക്ടീസ് ചെയ്തതിനുശേഷം 1995 ആഗസ്റ്റ് മാസത്തിലാണ് അദ്ദേഹം ജുഡീഷ്യൽ സർവ്വീസിൽ പ്രവേശിച്ചത്. തുടർന്ന് മുൻസിഫ്, മജിസ്ട്രേറ്റ്, സബ് ജഡ്ജി, ജില്ലാ ജഡ്ജി എന്നീ

നിലകളിൽ വിവിധ സ്ഥലങ്ങളിലെ കോടതികളിൽ സേവനം അനുഷ്ഠിച്ചിരുന്നു. മികച്ച പ്രഭാഷകനും വാഗ്മിയും കൂടിയായ അദ്ദേഹം കേരളത്തിലുടനീളം നടക്കുന്ന വിവിധ പഠന ക്ലാസ്സുകളിലേയും സെമിനാറുകളിലേയും ശ്രദ്ധേയ സാന്നിദ്ധ്യമാണ്.

നിയമസഭ കടലാസുരഹിതമാക്കുന്നതിനുള്ള ഇ-നിയമസഭാ പദ്ധതി സാക്ഷാത്കരിക്കുന്നതിനും ഇന്ത്യയുടെ നിയമസഭാ ചരിത്രത്തിൽ ആദ്യമായി നിയമസഭയ്ക്ക് മാത്രമായി ടി.വി. ചാനൽ എന്ന ആശയം യാഥാർത്ഥ്യമാക്കുന്നതിനും അതിനെ സഭാ ടി.വി.-യായി പരിവർത്തനപ്പെടുത്തുന്നതിനും അദ്ദേഹത്തിന്റെ നേതൃത്വപരമായിട്ടുള്ള പങ്ക് എടുത്തുപറയേണ്ടതാണ്.

നിയമസഭാ പരിസരത്തെ വിവിധ സസ്യലതാദികളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി Digital Garden തുടങ്ങുന്നതിനും നിയമസഭയിൽ നക്ഷത്രവനം രൂപപ്പെടുത്തുന്നതിനും നിയമസഭാ വെബ്സൈറ്റ് ഡൈനാമിക് ആയി പരിഷ്കരിക്കുന്നതിനും അദ്ദേഹം നടപടി സ്വീകരിച്ചു. കേരള നിയമസഭയുടെ ഗവേഷണ വിഭാഗം ഈ കാലയളവിൽ പത്തോളം പുസ്തകങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ

അറിവോരം, മൊഴി, സാമാജികൻ, ഫോക്കസ് തുടങ്ങിയ മാസികകളുടെ പ്രസിദ്ധീകരണത്തിലും കേരള നിയമസഭയുടെ ചരിത്രം ആരംഭിച്ച കാലംമുതലുള്ള പുരാതനവും മൂല്യമേറിയതുമായ രേഖകൾ ഡിജിറ്റലാക്കി മാറ്റുന്നതിലും അദ്ദേഹം വഹിച്ച നേതൃത്വപരമായ പങ്ക് നിസ്തുലമാണ്.

നിയമസഭാ സമുച്ചയത്തിലെ പച്ചക്കറിതോട്ടം വിപുലീകരിക്കുന്നതിനും സ്മാർട്ട് സിറ്റി പ്രോജക്ടിന്റെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷന്റെ സഹകരണത്തോടെ സോളാർ പാനലുകൾ സ്ഥാപിച്ച് നിയമസഭയിലെ വൈദ്യുതി ഉപഭോഗത്തിന്റെ ചെലവ് കുറയ്ക്കുന്നതിനും ഹരിത പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിലും അദ്ദേഹത്തിന്റെ പരിശ്രമം നിമിത്തമായി. നിയമസഭാ പ്രവർത്തനങ്ങളിലും നിയമനിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും അദ്ദേഹത്തിന്റെ സേവനം എടുത്ത് പറയേണ്ടതാണ്. നിമയസഭാ സമുച്ചയത്തിൽ വച്ച് 2020-ൽ നടത്തിയ ലോകകേരള സഭയുടെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുകയും ചെയ്തു.

നിയമസഭയുടെ സ്പെഷ്യൽ സെക്രട്ടറി ശ്രീ. ആർ. കിഷോർ കുമാർ 2022 ഏപ്രിൽ 30-ന് സർവ്വീസിൽ നിന്നും വിരമിക്കുന്നു. സെക്രട്ടേറിയറ്റ് അസിസ്റ്റന്റായി 1992 ഫെബ്രുവരിയിൽ നിയമസഭാ സർവ്വീസിൽ പ്രവേശിച്ച

ശ്രീ. ആർ. കിഷോർ കുമാർ വിവിധ തസ്തികകളിലായി നീണ്ട 30 വർഷക്കാലത്തെ  സമർപ്പിതമായ സേവനത്തിനുശേഷമാണ് അടുത്ത മാസം സർവ്വീസിൽ നിന്നും വിരമിക്കുന്നത്. കാര്യക്ഷമമായ നിയമസഭാ പ്രവർത്തനങ്ങൾക്കായി രണ്ടുപേരും കാഴ്ചവച്ച സ്തുത്യർഹവും മാതൃകാപരവുമായ സേവനങ്ങളുടെ പേരിൽ സെക്രട്ടറി ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർക്കും സ്പെഷ്യൽ സെക്രട്ടറി ശ്രീ. ആർ. കിഷോർ കുമാറിനും കേരള നിയമസഭയുടെ പേരിൽ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.